# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM11/1239/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 18/09/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM11/1239/2021 തീയ്യതി: 18/09/2021

## മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-11-2020 മുതൽ 09-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 03-08-2021 | 09-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-08-2021 | 09-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രസാദ് പി. ഓഡിറ്റ് ഓഫീസർ
ശ്രീ. മൂസ.ഇ, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. ഷാജഹാൻ ഖുറൈശി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. യൂസഫ്.പി. അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. ഷജീർ.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അന്നമ്മ വള്ളിയാംതടത്തിൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി ഭരണം | പ്രസിഡന്റ് | 12-11-2020 | 07-12-2020 |
| ശ്രീ. മുസ്തഫ.എം. | പ്രസിഡന്റ് | 08-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രേമ വി.ജി. | സെക്രട്ടറി | 01-04-2020 | 10-07-2020 |
| ശ്രീമതി അജിത കുമാരി.കെ.എസ്.അസി.സെക്രട്ടറി | സെക്രട്ടറി (ഇൻ ചാർജ്) | 11-07-2020 | 02-08-2020 |
| ശ്രീ. നാരായണൻ.എ).എം. | സെക്രട്ടറി | 03-08-2020 | 05-05-2021 |
| ഒഴിവ് | സെക്രട്ടറി | 06-02-2021 | 10-10-2021 |
| ശ്രീമതി സബീന.എം. | സെക്രട്ടറി | 11-02-2021 | 11-03-2021 |
| ശ്രീമതി അജിതകുമാരി.കെ.എസ്., അസി.സെക്രട്ടറി | സെക്രട്ടറി (ഇൻ ചാർജ്) | 12-03-2021 | 31-03-2021 |
| ശ്രീ. അജയ്.എ). | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 30-06-2020 |
| ശ്രീമതി അജിതകുമാരി.കെ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-07-2020 | 31-03-2021 |
| ശ്രീ. ജിതിൻ.പി.പി. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി സാലിക്കുട്ടി | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി ജമീല.ഇ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഫിസാ ഷമീം | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ഷബ്ന പർവിൻ | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (പി.എച്ച്.സി) | | |
| ശ്രീമതി ഫാത്തിമ ഷഹീന.എ).എം. | അഗ്രികൾച്ചർ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സമീന. ഇ. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 05-07-2020 |
| ശ്രീ. അബ്ദുൾ ജലീൽ തയ്യിൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 06-07-2020 | 31-03-2021 |

.

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajeer.K (Senior Grade Auditor, On 10-08-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 10-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shajeer.K (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-2 |
| 3 | ധനകാര്യ വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)<br>Written By: Shajeer.K (Senior Grade Auditor, On 10-08-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 10-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം 2020-21<br>Written By: Shajeer.K (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shajeer.K (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajeer.K (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shajeer.K (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: Prasad (Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-11 |
| 12 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു<br>Written By: Yousuf.P (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 1-12 |
| 13 | ചേലപ്പറമ്പത്ത് അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണം (151/21) – 65022രൂപ കൺവീനർക്ക് അധികം നൽകി.<br>Written By: E.Moosa (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 1-13 |
| 14 | വാഹന വാടക നൽകിയത് - ആദായ നികുതി ഈടാക്കിയില്ല.<br>Written By: E.Moosa (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 1-14 |
| 15 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-15 |
| 16 | പൊതു മരാമത്ത് പ്രവൃത്തി അപാകതകൾ - ഓഡിറ്റ് | 1-16 |

| | | |
|---|---|---|
| | നിർദ്ദേശത്തെ തുടർന്ന് 43073 രൂപ തിരിച്ചടച്ചു<br>Written By: E.Moosa (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | |
| 17 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 1-17 |
| 18 | കുഴൽക്കിണറുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-18 |
| 19 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ വിതരണം ചെയ്യാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്<br>Written By: E.Moosa (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-19 |
| 20 | കുടിവെള്ള പദ്ധതി HDPE പൈപ്പിന് പ്രത്യക തുക നൽകിയതിലെ അപാകത<br>Written By: E.Moosa (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-20 |
| 21 | വീടു പുനരുദ്ധാരണം - അപാകതകകൾ - 148950/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prasad (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 1-21 |
| 22 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ പദ്ധതി - യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 1-22 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ പദ്ധതി - രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-22-1 |
| 24 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ് രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 1-22-2 |
| 25 | വെറ്റിനറി ഡിസ്പൻസറിയിലേക്ക് ലാപ്ടോപ്പും പ്രിന്ററും വാങ്ങൽ പദ്ധതി- ലാപ് ടോപ് ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-23 |
| 26 | ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-24 |
| 27 | വാങ്ങലുകളിൽ സ്റ്റോർ പർച്ചേസ് നിബന്ധനകൾ പാലിച്ചിട്ടില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-25 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ പദ്ധതി<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-25-1 |

| | | |
|---|---|---|
| 29 | കുടിവെള്ള ടാങ്ക് വിതരണം (പട്ടികജാതി) പ്രോജക്ട്<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-25-2 |
| 30 | വയോജനങ്ങൾക്ക് കട്ടിൽ (പട്ടികജാതി) പ്രൊജക്ട്<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-25-3 |
| 31 | വയോജനങ്ങൾക്ക് കട്ടിൽ (പട്ടികജാതി) പ്രൊജക്ട്<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-25-4 |
| 32 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ)- സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-26 |
| 33 | സാക്ഷരത പഠിതാക്കൾക്ക് പരിശീലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 47750/- തടസ്സപ്പെടുത്തുന്നു<br>Written By: Prasad (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 1-27 |
| 34 | തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറും അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-28 |
| 35 | ടെണ്ടർ കൂടാതെ SIDCO ARTCO എന്നിവ മുഖേന മിനിമാസ്റ്റ് സ്ഥാപിച്ചു<br>Written By: Yousuf.P (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-29 |
| 36 | വാടക -അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-30 |
| 37 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ചേലപ്പറമ്പത്ത് അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണം (151/21) – 65022രൂപ കൺവീനർക്ക് അധികം നൽകി.<br>Written By: E.Moosa (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 3-1 |
| 2 | കുടിവെള്ള പദ്ധതി -HDPE പൈപ്പിന് പ്രത്യേക നിരക്ക് നൽകിയതിലെ അപാകത - 31334 രൂപ നഷ്ടം<br>Written By: E.Moosa (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: Yousuf.P (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Prasad (Audit Officer, On 10-08-2021)<br>Last Updated By: Prasad (Audit Officer, On 10-08-2021) | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം<br>Written By: Prasad (Audit Officer, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Prasad (Audit Officer, On 10-08-2021)<br>Last Updated By: Prasad (Audit Officer, On 10-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad (Audit Officer, On 11-08-2021)<br>Last Updated By: Prasad (Audit Officer, On 11-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Prasad (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് വിവരം<br>Written By: Prasad (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prasad (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Prasad (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-2021ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം. 1(1)-23.03.2020 | 2(1)-15.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 26-06-2021 |

## 1-3 ധനകാര്യ വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | മുന്നിരിപ്പ് 2020-21 |
|---|---|
| മുന്നിരിപ്പ് | 12211251.68 |
| വരവ് | 73416167.00 |
| ആകെ | 85627418.68 |
| ചെലവ് | 65233221.00 |
| നീക്കിയിരിപ്പ് | 20394197.68 |

## 1-4 ഫണ്ട് വിനിയോഗം 2020-21

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 00 | 11644799 | 11644799 | 11636319 | 8480 |
| വികസന ഫണ്ട് (എസ്.സി.പി.) | 00 | 8993373 | 8993373 | 8991338 | 2035 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 65000 | 65000 | 00 | 65000 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 00 | 7163000 | 7163000 | 7157046 | 5954 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 00 | 3742759 | 3742759 | 3742759 | 00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (Untied Basic) | 00 | 9349921 | 9349921 | 6905263 | 2444658 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (Tied) | 00 | 5150000 | 5150000 | 2783704 | 2366296 |
| ശുചിത്വ മിഷൻ | 824200 | 2362139 | 3186339 | 501860 | 2684479 |
| NREGS | 1000 | 14876608 | 14877608 | 14868559 | 9049 |
| TSC | 1866044 | 229505 | 2095549 | 161256 | 1934293 |
| S.S.A | 128666 | 00 | 128666 | 00 | 128666 |
| S.B.I(E-Pay) | 1144782 | 3417829 | 4562611 | 00 | 4562611 |
| ദുരിതാശ്വാസ നിധി | 100 | 00 | 100 | 00 | 100 |

| | | | | | |
|---|---|---|---|---|---|
| KGB(Life) | 145911 | 4124650 | 4270561 | 00 | 4270561 |
| സാക്ഷരത | 6703 | 0 | 6703 | 0 | 6703 |
| ICDS | 371720 | 1460965 | 1832685 | 1319734 | 512951 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം2020-21 അംഗീകാരം ലഭിച്ച പ്രോജക്കുകളുടെ നടപ്പാക്കിയിതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 303 | 97448279 | 244 | 55110794 | 00 | 60 | 80.2 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,000 | 6,27,049 | 6,28,049 | 619,000 | 9,049 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 1,42,49,559 | 1,42,49,559 | 1,42,49,559 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 6240 | 10 |
| കർഷക തൊഴിലാളി വേതനം | 4756800 | 242 |
| വിധവാ പെൻഷൻ | 22934200 | 1153 |
| വാർദ്ധക്യകാല പെൻഷൻ | 31452400 | 1697 |
| വികലാംഗ പെൻഷൻ | 7181300 | 373 |
| വിവാഹ ധനസഹായം | 420000 | 14 |
| 50 വയസ്സിനു മുകളിൽ.... സഹായം | 1015500 | 52 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ന്11 AM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിലെ തലേ ദിവസത്തെ കാഷ് കളക്ഷനായി ഉണ്ടായിരുന്ന രൂപ ബാങ്കിൽ അടവാക്കിയതായി ബോധ്യപ്പെട്ടു. നീക്കിയിരിപ്പ് പണം പൂജ്യം ആണ്.

## 1-9 അഭ്യന്തര നിയന്ത്രണം

1)ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. റോഡിതര ആസ്തികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2)ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്ററർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

3)കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും (ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.

4)ഓഫീസ് ആവശ്യത്തിനായി പോസ്റ്റാഫീസ് മുഖേന സ്റ്റാമ്പുകൾ വാങ്ങിക്കുമ്പോൾ ആയതിന്റെ രശീതി വൗച്ചറുകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.
5) വി.ഇ.ഒ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോസ്ഥർ സബ്സിഡയറി ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

6)സ.ഉ (കൈ) നം.11/2018/തസ്വഭവ. തീയതി 29-01-2018 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. 2020-21 വർഷത്തെ പ്രോജക്ടുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

7)ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാ കാര്യങ്ങളിലും നേതൃത്വപരമായി ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കേണ്ടതും അന്തിമ വിശകലനം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളിലും ക്രിയാത്മക പങ്ക് വഹിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടലുകളും പര്യാപ്തമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.
8. ക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പൂർണ്ണമല്ല. ഗുണഭോക്താക്കളുടെ നിലവിലെ എണ്ണം, തൻവർഷം വിട്ടു പോയവർ എന്നിവരുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
9. വായ്പ/വായ്പ തിരിച്ചടവ്, നിക്ഷേപ പ്രവർത്തികളുടെ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.2021 മുതൽ 16.03.21 | 01.04.20 മുതൽ 30.09.20 വരെ | 16.02.21 |
| എ.ജി.ഓഡിറ്റ് | 19.10.2005മുതൽ 28.10.2005 വരെ | 2004-2005മുതൽ 2008-09 വരെ | 03.12.2009 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2020-21 വാർഷികക്കണക്കിൻെറ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. തൊഴിലുറപ്പ് പദ്ധതി - കാഷ്ബുക്കിലെ വിവരങ്ങൾ വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല -

| | വാർഷികക്കണക്ക് | കാഷ്ബുക്ക് |
|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക | 1,42,49,559 | 1,43,90,229 |

2. തൊഴിലുറപ്പ് പദ്ധതി- റസീറ്റ് &പെയ്മെൻറ് പ്രകാരമുള്ള അഡ്മിനിസ്ട്രേറ്റീവ് മുൻബാക്കി, നീക്കിബാക്കി തുകകൾ ട്രയൽബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

3. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി സംബന്ധിച്ച പത്രികയിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽ നിന്നും ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | AFS പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|
| ഡിമാൻറ് | 51,92,484 | 54,56,161 |
| കളക്ഷൻ | 44,78,076 | 48,75,063 |
| ബാലൻസ് | 15,03,273 | 14,36,660 |

4. വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതിൻെറ വിവരവും ലഭ്യമാക്കേണ്ടതാണ്.

5. അഡ്വാൻസ് റജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് റജിസ്റ്റർ എന്നിവയിൽ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ട കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

7. വായ്പ തിരിച്ചടവിന്റെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല. എ.എഫ്.എസ് പ്രകാരം വായ്പ ബാലൻസ് 12,51,531 ആണ് . എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് തുക 1252237 ആണ്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-12 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 45/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 60/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 60/- രൂപ പരിഗണിക്കേണ്ടതിനു പകരം 45/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് <u>പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ;</u> ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക്

ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് പറയുന്നതിനാലാണ് ഇത്തരത്തിൽ, ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ളതും ചെറിയ മുറികളായി തിരിച്ചതുമായ വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി, കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. വസ്തു നികുതി നിർണ്ണയവും നമ്പർ നൽകലും ഒരേ സമയം നടക്കുന്ന പ്രക്രിയയാണ്. <u>കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ</u> എന്ന് പ്രസ്തുത ചട്ടത്തിൽ എടുത്തു പറയുന്നതിൽ നിന്ന് 2011ലെ ചട്ടങ്ങൾ പ്രാബല്യത്തിലാകുന്ന വേളയിൽ നമ്പറുള്ള കെട്ടിടങ്ങൾ എന്നാണ് പരിഗണിക്കാനാവുക. പുതിയ കെട്ടിടങ്ങൾ നമ്പറിട്ട കെട്ടിടങ്ങളായി പരിഗണിച്ച് ചട്ടം 3(4) പ്രകാരം നികുതി ചുമത്തുന്നത് ചട്ടം 5(2)ന്റെ ലംഘനമായി മാറുകയാണ് ചെയ്യുന്നത്. പുതിയ കെട്ടിടങ്ങളെ സംബന്ധിച്ച് ചട്ടം 4(1) പ്രകാരമുള്ള ഉപയോഗതരം അനുസരിച്ച്, ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കേണ്ടത് അനിവാര്യമാണ്. മാത്രവുമല്ല പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 203(9)പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)ാം ഉപ വകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അധിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപ വിഭാഗങ്ങളോ (7)ാം ഉപ വകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അധിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം, പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തു നികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. ഒരേ ഉപയോഗതരമായിട്ടും സെക്ഷൻ 203(9)ന് വിരുദ്ധമായി വെവ്വേറെ കെട്ടിടങ്ങളായി പരിഗണിച്ച് നികുതി നിർണ്ണയിച്ചത് നിയമ വിരുദ്ധവും കൂടിയാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി നികുതി നഷ്ടം സംഭവിക്കുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്ര. നം. | പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ($M^2$) | നിർണ്ണയിച്ച നികുതി | നിർണ്ണയി ക്കേണ്ടത് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ശ്രീ. അബ്ദുൾ റഷീദ് | II/104A | 22.23 | (22.23*45)+(20%-10%) Of (22.23*45)+LC5% Of Tax =1101+56 =1157 | (22.23* 60) + (20%-10%) Of (22.23*60)+LC5% Of Tax= 1468+73=1541 | 367+17= 384 | ഇളവ്: 10% വർദ്ധനവ്: 20% (നികുതി നിർണ്ണയ തീയതി: 18.03.2021) |
| | | II/104B | 22.23 | (22.23*45)+(20%-10%) Of (22.23*45)+LC5% Of Tax =1101+56 =1157 | (22.23* 60) + (20%-10%) Of (22.23*60)+LC5% Of Tax= 1468+73=1541 | 367+17= 384 | |
| | | II/104C | 22.22 | (22.22*45)+(20%-10%) Of (22.22*45)+LC5% Of Tax =1100+55 =1155 | (22.22* 60) + (20%-10%) Of (22.22*60)+LC5% Of Tax= 1467+73=1540 | 367+18= 385 | |
| | | II/104D | 62.62 | (62.62*45)+(20%-10%) Of (62.62*45)+LC5% Of Tax =3100+155=3255 | (62.62*60)+(20%-10%) Of (62.62*60)+LC5% Of Tax =4133+207=4340 | 1033+52=1085 | |
| | | ആകെ | 129.30 | 6402+322 | 8536+426 | 2134+104 | |
| 2 | ശ്രീമതി. ഫാത്തിമക്കുട്ടി & മുതൽ പേർ | X/28F | 21.71 | (21.71*45)+(20%-10%) Of (21.71*45)+LC5% Of Tax =1075+54=1129 | (21.71*60)+(20%-10%) Of (21.71*60)+LC5% Of Tax =1316+66=1382 | 241+12= 253 | ഇളവ്: 10% വർദ്ധനവ്: 20% (നികുതി നിർണ്ണയ തീയതി: 04.03.2021) |
| | | X/28G | 21.07 | (21.07*45)+(20%-10%) Of (21.07*45)+LC5% Of Tax =1043+53=1096 | (21.07*60)+(20%-10%) Of (21.07*60)+LC5% Of Tax =1391+70=1461 | 348+17= 365 | |
| | | X/28H | 63.16 | (63.16*45)+(20%-10%) Of (63.16*45)+LC5% | (63.16*60)+(20%-10%) Of (63.16*60)+LC5% | 1042+51= 1093 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | Of Tax =3127+157=3284 | Of Tax =4169+208 =4377 | | |
| | | ആകെ | 105.94 | 5245+264=5509 | 6876+344=7220 | 1631+80=1711 | |
| | ആകെ (1+2) | | | | | 3765+184 =3949 | |

മുൻ വർഷങ്ങളിൽ ചട്ടവിരുദ്ധമായി നിർണ്ണയിച്ച കെട്ടിടങ്ങളിൽ നിന്നടക്കം ഓരോ വർഷവും നികുതി ചോർച്ചയ്ക്ക് ചട്ട വിരുദ്ധമായ ഈ നികുതി നിർണ്ണയം കാരണമാകുന്നുണ്ട്. ഭാവിയിലെ നികുതി പരിഷ്കരണങ്ങളിലും ഈ നഷ്ടവും അനന്തരഫലവും തുടരാൻ സാധ്യതയേറെയാണ്.

ശ്രീ.ഹനീഫ എന്നയാളുടെ II/268B, C, D, F, G, I, J, L, M എന്നീ റൂമുകളടങ്ങിയ ആകെ 256.36 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 60/- രൂപ നിരക്കിൽ തൻ വർഷം (29.03.21)നികുതി നിർണ്ണയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. ചില കെട്ടിടങ്ങൾക്ക് 45 രൂപയിലും മറ്റു ചില കെട്ടിടങ്ങൾക്ക് 60 രൂപ നിരക്കിലും ഒരേ ഉപയോഗതരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് വിവേചനപരവും 203(3) വകുപ്പിന്റെ ലംഘനവുമാണ്.

100ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(1), 5(2) എന്നിവയ്ക്കനുസൃതമായി 60/- രൂപ അടിസ്ഥാന നികുതി പരിഗണിക്കാതെ 45/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 23 /06.8.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മുൻ വർഷങ്ങളിലേതുൾപ്പെടെ തെറ്റായ നിരക്കിൽ നിർണ്ണയിച്ച നികുതി പുനർ നിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-13 ചേലപ്പറമ്പത്ത് അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണം (151/21) – 65022രൂപ കൺവീനർക്ക് അധികം നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചേലപ്പറമ്പത്ത് അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണം (151/21) പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്. കൂടാതെ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12% തുക GSTക്കായി വകയിരുത്തുകയും മൂല്യ നിർണ്ണയ തുകയോടൊപ്പം കൺവീനർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 1/20-21/2.8.2021 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - ചീഫ് എഞ്ചിനീയറുടെ 16.3.2018 ൽ പറഞ്ഞിരിക്കുന്ന അപ്ഡേഷൻസ് പ്രൈസ് സോഫ്റ്റ്‌വെയറിൽ വന്നതിന് ശേഷം 29.11.2019 ലെ 71300/2019-20 നമ്പറായാണ് ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതെന്നും, നിലവിൽ എല്ലാ കൺവീനർമാർക്കും 7.5% ഓവർ ഹെഡ് ചാർജ് അനുവദനീയമാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

27.2.2016ലെ GO(P) 30/2016 നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് അനുവദിച്ച് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയാണ് കൺവീനർമാർ അടവാക്കേണ്ടത്.

1.7.2017 ന് ശേഷം GST നിലവിൽ വന്നതിനാൽ ഇപ്പോൾ വാറ്റ് അടവാക്കേണ്ടതില്ലെന്നും വാറ്റ് അടവാക്കാനായി വകയിരുത്തിയ 5% തുക കുറവ് ചെയ്ത് കൺവീനർമാർക്ക് തുക നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയർ 16.3.2018ലെ കത്തിൽ വ്യക്തമാക്കിയതാണ്. കൺവീനർമാർക്ക് 7.5% ഓവർഹെഡ് ചാർജ് അനുവദനീയമാണെന്ന് വ്യക്തമാക്കുന്ന രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുമില്ല. ഈ പ്രവൃത്തിയുടെ കൺവീനർ GST രജിസ്ട്രേഷൻ എടുത്തിട്ടുള്ളതിനാൽ 12% തുക മൂല്യ നിർണ്ണയ തുകയോടൊപ്പം കൺവീനർക്ക് നൽകിയിട്ടുള്ളതുമാണ്.

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ബിൽ /ചെക്ക് തുക | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ട തുക 5% |
|---|---|---|---|
| ചേലപ്പറമ്പത്ത് അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണം (151/21)<br>ഫണ്ട് 19-20 – 60486 (ബ്ലോക്ക് ഷെയർ)<br>ഫണ്ട് 20-21 – 30384 (പ്ലാൻ ജനറൽ)<br>ഫണ്ട് 20-21 – 127550 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ഫണ്ട് 20-21 –1116201 (തനത് ഫണ്ട്)<br>ഫണ്ട് 20-21 – 165379 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)<br>കരാർ 59/11.12.2019<br>അളവ് പുസ്തകം 40/19-20, 68/19-20, 120/19-20, 141/19-20,147/19-20<br>ആകെ മൂല്യ നിർണ്ണയം 1300446<br>GST (12%) 156054<br>വൈദ്യുതീകരണം 43391<br>ആകെ 1500000<br>കൺവീനർ ഹൈമവതി.പി<br>കോസ്റ്റ് ഇൻഡക്സ് 31.06% | ബിൽ 25/15.4.20<br>തുക 153750<br>ബിൽ 50/6.7.20<br>തുക 90561<br>ബിൽ 152/26.2.21<br>തുക 36989<br>ബിൽ 153/26.2.21<br>തുക 11629<br>ബിൽ 174/31.3.21<br>തുക 30384<br>ചെക്ക് 5187456/31.3.20<br>തുക 60486<br>ചെക്ക് 163461/20.8.20<br>തുക 474052<br>ചെക്ക്1786992/27.2.21<br>തുക 374929<br>ചെക്ക്2728012/4.3.21<br>തുക 200000<br>ചെക്ക്5187458/11.11.20<br>തുക 23829<br>ചെക്ക്5187458/11.11.20<br>തുക 43391<br>ആകെ തുക 1500000 | 1300446 | 65022 |

## 1-14 വാഹന വാടക നൽകിയത് - ആദായ നികുതി ഈടാക്കിയില്ല.

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരിരക്ഷ ഹോംകെയർ (11/21) പദ്ധതിയുടെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി കരാർ പ്രകാരം ദിവസം 1000 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 168000 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം

നൽകുന്ന തുക 100000രൂപയിൽ അധികരിക്കുന്ന എങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | വാഹന വാടക നൽകിയത് | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|
| പരിരക്ഷ ഹോംകെയർ (11/21)<br>ഫണ്ട് – 700000 പ്ലാൻ ജനറൽ<br>101850 തനത് ഫണ്ട്<br>ബിൽ 2150352039400519959/15.9.2020<br>ബിൽ 2150352039400788196/30.11.2020<br>ബിൽ 2150352039401373159/26.3.2021<br>ബിൽ 2150352039401377287/26.3.2021<br>ചെക്ക് 26398/30.3.21 | 41000<br>42000<br>37000<br>13440<br>34560<br>168000 | 1680 |
| പരിരക്ഷ ഹോംകെയർ (362/21)<br>ചെക്ക് 2817148/24.8.20<br>ഫണ്ട്<br>2135 – പ്ലാൻ ജനറൽ<br>145270 – തനത് ഫണ്ട് | 84000 | 840 |
| ആകെ | 252000 | 2520 |

21 /20-21/2.8.2021നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന്- ആദായ നികുതി ഈടാക്കണം എന്ന് അറിവില്ലായിരുന്നു എന്നും തുടർന്നുള്ള ബില്ലുകളിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 മരുന്നുകൾ മുഴവൻ ലഭ്യമായില്ല

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങിക്കുന്നതിനായി 550000 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ് - ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെ 299444 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടവാക്കിയ തുക | ലഭ്യമായ മരുന്നുകൾ | ബാക്കി | കുറിപ്പ് |
|---|---|---|---|---|
| പരിരക്ഷ ഹോംകെയർ (11/21) | 147599 | 80493 | 67106 | 252401 രൂപയുടെ |

| | | | | |
|---|---|---|---|---|
| ബിൽ നം. 2150352039400292295/25.6.2020 ബിൽ (വികസന ഫണ്ട്) 2150352039400519959/15.9.2020 | 252401 400000 | 107410 187903 | 144991 212097 | രസീത് ഹാജരാക്കിയിട്ടില്ല |
| പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (10/21) ബിൽ 2150352039400993702/27.1.2021 വികസന ഫണ്ട് | 150000 | 111541 | 38459 | തുകയുടെ രസീത് ഹാജരാക്കിയിട്ടില്ല |
| | 550000 | 299444 | 250556 | |

## 1-16 പൊതു മരാമത്ത് പ്രവൃത്തി അപാകതകൾ - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 43073 രൂപ തിരിച്ചടച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിലെ അപാകതകൾ ഓഡിറ്റ് എൻക്വയറിയിലൂടെ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് 43073 രൂപ ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ പടവ്- അധിക തുക നൽകി

നടക്കളത്തിൽ കോളനി കുടിവെള്ള പദ്ധതി (171/21) എന്ന പ്രവൃത്തിയുടെ ഇനം 10 പ്രകാരം സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ പടവ് ചെയ്തതിന് DSR 7.2.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DSR 7.1.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവുന്നതാണ്. അധികം നൽകിയ തുക തിരിച്ചടവാക്കണമെന്ന് കാണിച്ച് 15/20-21/5.8.2021 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികം നൽകിയ 5524 രൂപ 121040100943/9.8.21 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി.

2) സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

ചേലപ്പറമ്പത്ത് അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണം (151/21), കൃഷി ഭവൻ അധിക സൗകര്യം (343/21) എന്നീ പ്രവൃത്തികളുടെ ഭാഗമായി കെട്ടിടത്തിന് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി സ്റ്റീൽ വർക്ക് ചെയ്തതിന് ട്രസ്സ് വർക്കിന് ബാധകമായ 50.10.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പരിശോധിച്ചതിൽ നിന്ന് പ്രവൃത്തി സിംഗിൾ സെക്ഷൻ ആണെന്ന് മനസ്സിലാവുന്നു. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധികം നൽകിയ തുക തിരിച്ചടവാക്കണമെന്ന് കാണിച്ച് 22/20-21/6.8.2021 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികം നൽകിയ 5714 രൂപ 121040100938/6.8.21 നമ്പർ രസീത് പ്രകാരവും, 11918 രൂപ 121040100944/9.8.21 നമ്പർ രസീത് പ്രകാരവും, ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി.

3) സിമന്റ് കോൺക്രീറ്റ്, ക്വാറി മക്ക് ഫില്ലിങ് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പിലാച്ചേരി കളത്തിങ്ങൽ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ (218/21) എന്ന പ്രവൃത്തിയുടെ ഭാഗമായി സിമന്റ് കോൺക്രീറ്റ്, ക്വാറി മക്ക് ഫില്ലിങ് എന്നിവ ചെയ്തതിന് യഥാക്രമം 7919.51/$M^3$, 1012.61/$M^3$ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് നൽകാവുന്നത് യഥാക്രമം 7259.55/$M^3$, 928.23/$M^3$ നിരക്കാണ്. പാലം നിർമ്മാണത്തിനുള്ള ഓവർ ഹെഡ് ചാർജ് (20%) നൽകി തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് വഴിയാണ് അധിക നിരക്ക് നൽകാനിടയായത്.

16/20-21/5.8.2021 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 15630 രൂപ 1210401028/11.8.21 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി.

4) സെന്ററിങ് & ഷട്ടറിങ് - അധിക തുക നൽകി

തിരുത്തിയിൽ കോളനി സമഗ്ര വികസനം (388/21) എന്ന പ്രവൃത്തിയുടെ ഇനം 3 ആയി കോംപൗണ്ട് വാൾ - ന് മുകളിൽ ബെൽറ്റ് നിർമ്മിക്കുന്നതിന് സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ചെയ്തതിന് DSR 5.9.2 പ്രകാരമുള്ള നിരക്കാണ് നൽകിയത്. എന്നാൽ ഈ പ്രവൃത്തിക്ക് DSR 4.3.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതി.

26/20-21/9.8.2021 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 4287 രൂപ 1210401029/11.8.21 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - അപാകതകൾ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2020-21 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 186 പ്രോജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 145 പ്രോജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 186 | ആകെ അടങ്കൽ | 34597762 |
| ചെലവ് ഉള്ളത് | 145 | ചെലവ് | 25728240 |
| ശതമാനം | 77.96% | ചെലവ് ശതമാനം | 74.36% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രോജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്യുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രോജക്ടിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

III. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2.ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തത് കാരണം കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാവുന്നില്ല.

3.അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവയും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

IV. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപ്പിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV.ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.

2018-19 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

V. എഞ്ചിനീയറിങ് വിഭാഗത്തിന് വാഹനം ലഭ്യമാക്കിയിട്ടില്ല.

എഞ്ചിനീയറിങ് വിഭാഗത്തിന് വാഹനം വാടകക്കെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിൽ അപ്രകാരം വാഹന സൗകര്യം അവർക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് വാഹനം പലപ്പോഴും ഇവർക്ക് ലഭ്യമാവാത്തതിനാൽ പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കുന്നതിന് പ്രയാസം നേരിടുന്നുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇത് തീർത്തും ഒഴിവാക്കേണ്ടതാണ്. ആയതിനാൽ എഞ്ചിനീയറിങ് വിഭാഗത്തിന് വാഹന സൗകര്യം ഏർപ്പെടുത്താൻ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 കുഴൽക്കിണറുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം – സെക്രട്ടറി

പട്ടികപ്പെടുത്തിയ പ്രൊജക്ടുകൾ പ്രകാരം കുഴൽ കിണറുകൾക്ക് വേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഒടുക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് | ബിൽ /ചെക്ക് നം/തീ | തുക | ഫണ്ട് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 127/21 ഐനിക്കാട്ടിൽ കുഴൽ കിണറുകൾ 50000 | 1223861/ 10.3.21 | 47960 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്+തനത് ഫണ്ട് | കംപ്ലീഷൻ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| | | 2598120/ 18.6.20 | 2035 | | |
| | | ആകെ | 49995 | | |
| 2 | 137/21 മണ്ണാർമല പൂച്ചകുന്ന് കുഴൽ കിണർ 40000 | 2598120/ 18.6.20 | 2035 | തനത് ഫണ്ട് | |
| 3 | 297/21, കുഴൽ കിണറുകൾക്ക് ഹാന്റ് പമ്പ് 135115 | 34007/ 11.4.20 | 54046 | എസ്.സി. പി | |
| 4 | 385/21, ചേലപ്പറമ്പത്ത് അംഗണവാടി കുഴൽ കിണർ നിർമ്മാണം 50000 | XY2728013/19.3.21 | 48076 | തനത് ഫണ്ട് | |
| 5 | 399/21, പൊതു കുഴൽ കിണറുകളുടെ നിർമ്മാണം 1050000 | 583824/ 05.10.20 | 30525 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | | 1192039/ 05.3.21 | 529693 | | |
| | | 1223853/ 10.3.21 | 218557 | | |
| | | ആകെ | 778775 | | |
| ആകെ | | | 932927 | | |

നിലവിൽ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതിന് നല്കിയ ഓഡിറ്റ് എൻക്വയറി (നം.28/09.8.21) ക്ക് ലഭ്യമാക്കിയ മറുപടിയിൽ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. പ്രസ്തുത സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-19 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ വിതരണം ചെയ്യാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പേരിൽ പെരിന്തൽമണ്ണ സബ് ട്രഷറിയിലുള്ള 799011400002432 നമ്പർ അക്കൗണ്ടിൽ 29.7.2021 തീയ്യതിയിൽ 680838 രൂപ നീക്കിയിരിപ്പുണ്ട്. വിവിധ മരാമത്ത് പ്രവൃത്തികളുടെ തനത് ഫണ്ട് ഇനത്തിലെ തുക ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്നത് നിക്ഷേപിക്കുന്നതിന് വേണ്ടിയാണ് നിർവ്വഹണ

ഉദ്യോഗസ്ഥൻ അക്കൗണ്ട് സൂക്ഷിക്കുന്നത്. അക്കൗണ്ടിൽ ഇത്രയും തുക ബാക്കിയായത് എങ്ങിനെയെന്ന് വിശദീകരിക്കേണ്ടതാണ്.

അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3 /20-21 / 3.8.2021നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് - ഭരണ സമിതിയുമായി ആലോചിച്ച് തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-20 കുടിവെള്ള പദ്ധതി HDPE പൈപ്പിന് പ്രത്യക തുക നൽകിയതിലെ അപാകത

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുന്നത്ത് കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ ഇനം 7 ആയി 5HP സബ്മെഴ്സിബിൾ പമ്പ്സെറ്റ് വാങ്ങി ഫിറ്റ് ചെയ്തതിന് 18959.16/Hp നിരക്കിൽ ആകെ 94795.80 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. കൂടാതെ എക്സ്ട്ര ഇനം 2 ആയി കുഴൽ കിണറിലേക്ക് ഇറക്കുന്നതിന് 84 മീറ്റർ 50mm Dia HDPE പൈപ്പ് ഉപയോഗിച്ചതിന് തുക നൽകിയിട്ടുമുണ്ട്. എന്നാൽ പമ്പ്സെറ്റിനുള്ള നിരക്കിൽ അനുബന്ധമായി വേണ്ട കേബിൾ, സ്റ്റാർട്ടർ, പൈപ്പ് എന്നിവയെല്ലാം ഉൾപ്പെടുന്നുണ്ട്. 20.12.2011 ലെ KWA/ HO/SP/333/2011 Pumpset നമ്പർ ഉത്തരവ് കേരള വാട്ടർ അതോറിറ്റി തീരുമാനിച്ച നിരക്കുകൾ ആണ് ഗ്രാമ പഞ്ചായത്തുകൾ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കുന്നത്. പ്രസ്തുത തീരുമാനത്തിൽ പൈപ്പിന് പ്രത്യേക നിരക്ക് അനുവദിച്ചിട്ടില്ല. വാട്ടർ അതോറിറ്റി പ്രസ്തുത നിരക്കുകൾ പുതുക്കിയതിന്റെ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. ആയതിനാൽ കുഴൽ കിണറിലേക്ക് പൈപ്പിന് പ്രത്യേക നിരക്ക് നൽകിയത് അനുവദനീയമല്ല.

HDPE പൈപ്പിനുള്ള നിരക്ക് കണക്കാക്കിയതിലും അപാകത കാണുന്നു. ഡാറ്റയിൽ ഫിറ്റിങ്ങിനും, ജോയിനിങ്ങിനും ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത്. കുടിവെള്ള പദ്ധതിയുടെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 50mm Dia PVC പൈപ്പ് സ്ഥാപിക്കുന്നതിന് നൽകുന്ന ഡാറ്റയിൽ ഫിറ്റർ, ബെൽഡാർ എന്നിവക്കായി നൽകുന്നതിലും (199.34/10m – OH,CP കോസ്റ്റ് ഇൻഡക്സ് കൂടാതെ) ഉയർന്ന നിരക്കാണ് HDPE പൈപ്പിന് ഈ പ്രവൃത്തിയിൽ നൽകിയിട്ടുള്ളത് (983.72/10m OH,CP കോസ്റ്റ് ഇൻഡക്സ് കൂടാതെ). എന്നാൽ HDPE പൈപ്പ് ആവശ്യമായ നീളത്തിൽ മുറിക്കാതെ ലഭ്യമാവുമെന്നതിനാൽ ഇപ്രകാരം ഉയർന്ന നിരക്ക് നൽകേണ്ടതില്ല.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് കാണിച്ച് 2 /20-21/3.8.2021 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് - കുഴൽ കിണറുകളുടെ ആഴം വ്യത്യാസപ്പെടുന്നതിനനുസരിച്ച് പൈപ്പിന്റെ നീളവും വ്യത്യാസപ്പെടും എന്നതിനാൽ പൈപ്പിന് പ്രത്യേകം നിരക്ക് നൽകാറുണ്ട് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.

കുഴൽ കിണറിന്റെ ആഴം വ്യത്യാസപ്പെടുന്നതിനനുസരിച്ച് പൈപ്പ് മാത്രമല്ല മോട്ടോറിന് ആവശ്യമായ കേബിൾ, റോപ് എന്നിവയുടെ നീളവും വ്യത്യാസം വരും. എന്നാൽ അവക്ക് പ്രത്യേകം നിരക്ക് നൽകാറില്ല. അവക്കുള്ള നിരക്കും പമ്പ്സെറ്റിനുള്ള നിരക്കിൽ ഉൾപ്പെട്ടതാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പൈപ്പിന്റെ നീളം | നൽകിയ തുക |
|---|---|---|
| കുന്നത്ത് കോളനി കുടിവെള്ള പദ്ധതി (272/21)<br>ബിൽ 3/20.4.2020തുക 346340<br>കരാർ 8/19.9.2018<br>അളവ് പുസ്തകം 48/19-20<br>കോൺട്രാക്ടർ ശ്രീ .അബ്ദുൽ റഹിമാൻ ഷാഫി | 84m | 20235.60<br>@240.90m |

II. നടക്കളത്തിൽ കോളനി കുടിവെള്ള പദ്ധതി (171/21) എന്ന പ്രവൃത്തിയുടെ ഇനം 1 ആയി 5HPസബ്മെഴ്സിബിൾ പമ്പ്സെറ്റ് വാങ്ങി ഫിറ്റ് ചെയ്തതിന് 18135/Hp നിരക്കിൽ ആകെ 90675 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. കൂടാതെ എക്സ്ട്ര ഇനം 5 ആയി കുഴൽ കിണറിലേക്ക് ഇറക്കുന്നതിന് 85 മീറ്റർ 50mm Dia HDPE പൈപ്പ് ഉപയോഗിച്ചതിന് തുക

നൽകിയിട്ടുമുണ്ട്. എന്നാൽ പമ്പ് സെറ്റിനുള്ള നിരക്കിൽ അനുബന്ധമായി വേണ്ട കേബിൾ, സ്റ്റാർട്ടർ, പൈപ്പ് എന്നിവയെല്ലാം ഉൾപ്പെടുന്നുണ്ട്. ആയതിനാൽ കുഴൽ കിണറിലേക്ക് പൈപ്പിന് പ്രത്യേക നിരക്ക് നൽകിയത് അനുവദനീയമല്ല.

HDPE പൈപ്പിനുള്ള നിരക്ക് കണക്കാക്കിയതിലും അപാകത കാണുന്നു. HDPE പൈപ്പിനുള്ള നിരക്ക് കണക്കാക്കിയ ഡാറ്റയിൽ ഫിറ്റിങ്ങിനും, ജോയിനിങ്ങിനും ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത്. കുടിവെള്ള പദ്ധതിയുടെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 50mm Dia PVC പൈപ്പ് സ്ഥാപിക്കുന്നതിന് നൽകുന്ന ഡാറ്റയിൽ ഫിറ്റർ, ബെൽഡാർ എന്നിവക്കായി നൽകുന്നതിലും (199.34/10m – OH,CP കോസ്റ്റ് ഇൻഡക്സ് കൂടാതെ) ഉയർന്ന നിരക്കാണ് ഈ പ്രവൃത്തിയിൽ HDPE പൈപ്പിന് നൽകിയിട്ടുള്ളത് (373.01/10m -OH,CP കോസ്റ്റ് ഇൻഡക്സ് കൂടാതെ). എന്നാൽ HDPE പൈപ്പ് ആവശ്യമായ നീളത്തിൽ മുറിക്കാതെ ലഭ്യമാവുമെന്നതിനാൽ ഇപ്രകാരം ഉയർന്ന നിരക്ക് നൽകേണ്ടതില്ല.

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ് കാണിച്ച് ഓഡിറ്റ് എൻക്വയറി 25 /20-21/9.8.2021 നൽകിയതിന് – കേരള വാട്ടർ അതോറിറ്റിയുടെ 20.12.2011 ലെ KWA/ HO/SP/333/2011 Pumpset നമ്പർ ഉത്തരവ് പ്രകാരമാണ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും, ഈ നിരക്കിൽ 10മീറ്റർ സക്ഷൻ പൈപ്പ് മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ എന്ന് ചേർക്കാൻ വിട്ട് പോയി എന്നും കുഴൽ കിണറിലേക്ക് 10 മീറ്ററിലും അധികമായി വന്ന പൈപ്പിനാണ് പ്രത്യകം തുക നൽകിയത് എന്നും മറുപടി ലഭ്യമാക്കി.
കൂടാതെ കുടിവെള്ള പദ്ധതിയുടെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 50mm Dia PVC പൈപ്പ് സ്ഥാപിക്കുന്നതിന് (ഒബസർവ്ഡ് ഡാറ്റ 50.18.9.6.2) ട്രഞ്ചിങ്, റീഫില്ലിങ് നുള്ള നിരക്ക് കൂടാതെ തന്നെ കൂലിയിനത്തിൽ 563.68/10m നിരക്ക് നൽകുന്നുണ്ടെന്നും, ഈ പ്രവൃത്തിയിൽ HDPE പൈപ്പിന് കൂലിയായി കാണിച്ചത് 364.71/10m നിരക്കാണ് എന്നും മറുപടി നൽകി.
എന്നാൽ വാട്ടർ അതോറിറ്റിയുടെ ഉത്തരവിൽ സക്ഷൻ പൈപ്പിന് പ്രത്യേക നിരക്ക് നൽകുന്നത് സംബന്ധിച്ച പരാമർശമില്ല. കുടിവെള്ള പദ്ധതിയുടെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 50mm Dia PVC പൈപ്പ് സ്ഥാപിക്കുന്നതിന് (ഒബസർവ്ഡ് ഡാറ്റ 50.18.9.6.2) ട്രഞ്ചിങ്, റീഫില്ലിങ് നുള്ള നിരക്ക് കൂടാതെ കൂലിയിനിത്തിൽ 199.34/10m (OH, CP കോസ്റ്റ് ഇൻഡക്സ് കൂടാതെ) മാത്രമേ നൽകുന്നുള്ളൂ എന്ന് ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.
അധികം നൽകിയ തുക ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക |
|---|---|---|
| നടക്കളത്തിൽ കോളനി കുടിവെള്ള പദ്ധതി (171/21)<br>കരാർ 33/1.10.2019<br>കരാറുകാരൻ ശ്രീ.കെ.പി മുഹമ്മദ്<br>അളവ് പുസ്തകം 65/19-20<br>ബിൽ. 108/22.1.21 തുക 328400<br>ചെക്ക് 26391/30.3.2021 തുക 15396<br>കോസ്റ്റ് ഇൻഡക്സ് 31.06% | 85m | 11098<br>@130.57/M |

## 1-21 വീട്ടു പുനരുദ്ധാരണം - അപാകതകകൾ - 148950/-രൂപ തടസ്സപ്പെടുത്തുന്നു.

### 1. വീട്ടു പുനരുദ്ധാരണം (പട്ടികജാതി)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വീട്ടു പുനരുദ്ധാരണം (പട്ടികജാതി) |
| പ്രോജക്റ്റ് നം. | SO311/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| ചെലവ് തുക | 64950/-(SCP)<br>34950 (Bill No. 2/20-21 Dated 19.05.20<br>30000/-(Bill No. 6/20-21 Dated 03.02.21 |

മേൽ പ്രോജക്റ്റ് പ്രകാരം 6 ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിന് ധനസഹായം നല്കിയിട്ടുണ്ട്. ഇതിൽ 10000/-രൂപ ധനസഹായം ലഭിച്ച ശ്രീമതി വെളുത്തക്കിയുടെ ജാതി സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല. വീട് 8 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുണ്ടോ എന്ന് ഫയലിൽ ലഭ്യമല്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല. വീട് പുനരുദ്ധാരണത്തിന് ഇതിന് മുമ്പ് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമല്ല.

2.വീട്ട പുനരുദ്ധാരണം

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വീട്ട പുനരുദ്ധാരണം |
| പ്രോജക്റ്റ് നം. | SO310/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| ചെലവ് തുക | 84000/-(തനതുഫണ്ട്)<br>12000/- (ചെക്ക് നം. 2817150/25.08.20)<br>12000/-(ചെക്ക് നം. 2817141/26.06.20)<br>60000/-(ചെക്ക് നം. 2598117/08.06.20) |

വീട് 8 വർഷത്തിൽ കൂടുതൽ കാലപ്പഴക്കതാണോ എന്ന് ഫയലിൽ ലഭ്യമല്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല. വീട് പുനരുദ്ധാരണത്തിന് ഇതിന് മുമ്പ് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമല്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നല്കിയ Enquiry No.19/20-21/06.08.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ പദ്ധതി - യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല

2020-21ൽ അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ എന്ന പുതിയതും, സ്പിൽഓവറായും ഉള്ള രണ്ട് പ്രോജക്റ്റുകളിൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി റജിസ്ട്രേഷൻ രേഖകൾ ഇല്ലാതെയാണ് ലാപ് ടോപ് നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു :

## 1-22-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ പദ്ധതി - രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ

പ്രൊജക്ട് നം. - S0288/2021

അടങ്കൽ - 3,84,846 രൂപ (എസ്.സി.പി)

ബിൽ നം.04/13-04-2020 : 3,84,846

അസി.സെക്രട്ടറി നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി പ്രകാരം 14 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ-തിയ്യതി-14.2.2018- 7.2.8,7.2.9) പ്രകാരം ലാപ്ടോപ്പ് വാങ്ങി നൽകേണ്ടത് ബിരുദം, ബിരുദാനന്തര ബിരുദം, പോളി ടെക്ക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കാണ്. കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയാൽ പാരലൽ കോളേജ് വിദ്യാർത്ഥികൾക്കും നൽകാവുന്നതാണ്.

പദ്ധതി പ്രകാരം 14 ലാപ് ടോപ്പ് നൽകിയ വിദ്യാർത്ഥികളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ കാണുന്നു -

| ക്രമ നം. | പേര് /അഡ്രസ്സ് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | നീന വി.ടി,<br>വള്ളിക്കാംതൊടി,<br>D/O. രാജകുമാരൻ | B.A. Sociology | Co-Operative Arts And Science College, Perintalmanna | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 2 | ജിൻഷ കെ.കെ, കിളിക്കോട്ടിൽ ഹൗസ്, D/O.രാമചന്ദ്രൻ | B.Com | M.E.S Women's College, Perintalmanna | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 3 | അഖില കെ.വി, കൊട്ടുവായ്ക്കൽ ഹൗസ്, D/O.കൃഷ്ണൻ | രേഖകൾ ഇല്ല | രേഖകൾ ഇല്ല | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 4 | ജിൻഷ കെ.പി, കോരോത്ത് പാറ D/O.കൃഷ്ണൻ | രേഖകൾ ഇല്ല | രേഖകൾ ഇല്ല | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല |

നാല് ലാപ് ടോപുകളുടെ വിലയായ 1,09,956രൂപ തടസ്സം ചെയ്യുന്നു.

## 1-22-2 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ് രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് - വിദ്യാർത്ഥികൾക്ക് ലാപ് ടോപ് (SCP)

പ്രൊജക്ട് നം. - 106/2021

അടങ്കൽ - 4,00,000രൂപ (എസ്.സി.പി)

ബിൽ നം.14/03-03-2021 : 3,94,310

അസി.സെക്രട്ടറി നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി പ്രകാരം 14 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ-തിയ്യതി-14.2.2018- 7.2.8,7.2.9) പ്രകാരം ലാപ് ടോപ്പ് വാങ്ങി നൽകേണ്ടത് ബിരുദം, ബിരുദാനന്തര ബിരുദം, പോളി ടെക്ക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കാണ്. കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയാൽ പാരലൽ കോളേജ് വിദ്യാർത്ഥികൾക്കും നൽകാവുന്നതാണ്.

പദ്ധതി പ്രകാരം 14 ലാപ് ടോപ്പ് നൽകിയ വിദ്യാർത്ഥികളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ കാണുന്നു -

1.

| ക്രമ നം. | പേര് /അഡ്രസ്സ് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | ശിൽപ്പ. പി, D/O.ഭാസ്കരൻ, പൊതാക്കല്ലിക്കൽ ഹൗസ് | B.A. Sociology | Co-Operative Arts And Science College, Perintalmanna | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 2 | സുജിത. എം, D/O. അയ്യപ്പൻ, മടത്തിൽ ഹൗസ് | B.A. Sociology | Co-Operative Arts And Science College, Perintalmanna | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 3 | വിപിൻ കൃഷ്ണ. വി, | B.Com | Co-Operative Arts And | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ |

| | | | | |
|---|---|---|---|---|
| | S/O. ബാലകൃഷ്ണൻ, വാടയിൽ ഹൗസ് | | Science College, Perintalmanna | രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 4 | അഞ്ജു കൃഷ്ണ. കെ, D/O.വേലായുധൻ, കരിക്കുന്ന് ഹൗസ് | B.A. Sociology | Co-Operative Arts And Science College, Perintalmanna | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 5 | അജിൻസ്. വി, S/O. ചാമി, വാടയിൽ ഹൗസ് | B.Com | Co-Operative Arts And Science College, Perintalmanna | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 6 | ബവിഷ. വി.ടി, D/O. ചന്ദ്രബാബു, വള്ളിക്കാംതൊടി ഹൗസ് | CMA Intermediate | Institute Of Accounting And Management, Perintalmanna | പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള കോഴ്സ് അല്ല |

ആറ് ലാപ്ടോപ്പുകളുടെ വില 1,68,990 (28165 X 6) രൂപ തടസ്സം ചെയ്യുന്നു.

## 1-23 വെറ്റിനറി ഡിസ്പൻസറിയിലേക്ക് ലാപ്ടോപ്പും പ്രിൻററും വാങ്ങൽ പദ്ധതി- ലാപ് ടോപ് ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു

പ്രൊജക്ട് -വെറ്റിനറി ഡിസ്പൻസറിയിലേക്ക് ലാപ്ടോപ്പും പ്രിൻററും വാങ്ങൽ

പ്രൊജക്ട് നം. - S0115/21

അടങ്കൽ - 80,000 (MG(NR) - 75,000 , തനത് ഫണ്ട് - 5,000)

ബി.ആർ.നം.20150352039500812442/08-12-2020 : 64,046

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പദ്ധതി പ്രകാരം വിതരണം ചെയ്യേണ്ട ലാപ് ടോപ്പിൻെറ വിലയായി 64,046 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ലാപ് ടോപ് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. 64,046രൂപയുടെ ലാപ് ടോപ് പർച്ചേസ് ചെയ്യുന്നതിന് ലഭ്യമായ അനുമതി വിവരം കൂടി ലഭ്യമാക്കേണ്ടതാണ്. 64,046 രൂപ തടസ്സം ചെയ്യുന്നു.

## 1-24 ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് : അനുപൂരക പോഷകാഹാരം

നം. : S0048/2021

അടങ്കൽ - 41,00,000 (വികസന ഫണ്ട്- 12,00,000; കേന്ദ്ര വിഹിതം- 17,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 6,00,000 ജില്ലാ പഞ്ചായത്ത് വിഹിതം- 6,00,000 )

ബിൽ നം. 04/11-05-2020 : 6,79,548

ചെക്ക് നം. 026175/18-06-2020 : 1,39,907

ബിൽ നം. 13/20-08-2020 : 24,822

ചെക്ക് നം. 026177/20-08-2020 : 1,15,085

ചെക്ക് നം. 026178/16-11-2020 : 2,79,814

ചെക്ക് നം. 026179/29-03-2021 : 1,39,860

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടിനായി ബിസ്മി ന്യൂട്രിമിക്സ് യൂണിറ്റ്, ആനക്കയത്തിൽ നിന്നും 16,740 Kg അമൃതം ന്യൂട്രിമിക്സ് ഫുഡ് സപ്ലിമെന്റ് വാങ്ങിയതിന് 13,79,036/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3 - 312/2010,18.12.2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയത് പരിശോധനയ്ക്ക് അയച്ച് റിസൾറ്റ് ലഭിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-25 വാങ്ങലുകളിൽ സ്റ്റോർ പർച്ചേസ് നിബന്ധനകൾ പാലിച്ചിട്ടില്ല

2020-21ൽ അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളിലെ വാങ്ങലുകളിൽ സ്റ്റോർ പർച്ചേസ് നിബന്ധനകൾ പാലിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു :

## 1-25-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ പദ്ധതി

പ്രൊജക്ട് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

പ്രൊജക്ട് നം. - S0397/21

അടങ്കൽ - 4,00,000 (എസ്.സി.പി)

ബിൽ നം.09/12-11-2020 : 1,82,000

ബിൽ നം.10/25-01-2021 : 2,14,760

ആകെ ചെലവ് = 3,96,760

അസി.സെക്രട്ടറി നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് 109 മേശയും കസേരയും വിതരണം ചെയ്തതിൻെറ വിലയായി 3,88,824 രൂപ BSGST ഏജൻസീസ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല.

2. ഹൈലുക്ക് ഫർണിച്ചർ, കുറ്റിപ്പുറം എന്ന സ്ഥാപനമാണ് ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നത് (2,940 രൂപ). എന്നാൽ വിവിധ കാരണങ്ങളാൽ സാധനങ്ങൾ സപ്ലൈ ചെയ്യാൻ സാധിക്കില്ല എന്ന് അറിയിച്ച് ആ സ്ഥാപനം ടെണ്ടറിൽ നിന്നും പിൻമാറുകയാണ് ഉണ്ടായത്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ജി.ഒ(പി)നം.03/2013/SPD/21-06-2013 ഖണ്ഡിക 8-15 പ്രകാരം EMD തുക (4,000 രൂപ) കണ്ടുകെട്ടിയിട്ടില്ല.

3. ഓപ്പൺ ടെണ്ടറിൽ പങ്കെടുത്ത കോസ്റ്റൽ ഫർണ്ണിച്ചർ ഇൻഡസ്ട്രീസ്, ചോയ്സ് ഫർണ്ണിച്ചർ ഇൻഡസ്ട്രീസ്, അസിം ഡിസൈനിംഗ് ആൻറ് ഇന്റീരിയേഴ്സ്, ഒളിമ്പിയ സ്റ്റീൽസ്, ഹൈലുക്ക് ഫർണിച്ചർ എന്നീ സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ഫോറം വില ഇനത്തിൽ 800 രൂപ (ടെണ്ടർ തുകയുടെ 0.2% Rounded To The Nearest Multiple Of 100) യും അതിൻെറ നികുതി, സെസ് എന്നിവയും ഈടാക്കിയതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 11/4-08-2021)

## 1-25-2 കുടിവെള്ള ടാങ്ക് വിതരണം (പട്ടികജാതി) പ്രോജക്ട്

പ്രൊജക്ട് -കുടിവെള്ള ടാങ്ക് വിതരണം (പട്ടികജാതി)

പ്രൊജക്ട് നം. - S0301/21
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 3,75,890

ബിൽ നം.11/18-03-2020 : 11,870 (2019-20)

ബിൽ നം.01/15-04-2020 : 79,920

ബിൽ നം.03/15-04-2020 : 76,960

ചെക്ക് നം.2817142/30-06-2020 : 96,940

ബിൽ നം.11/25-01-2021 : 1,22,070

ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് ശുദ്ധജലം സൂക്ഷിച്ച് വച്ച് ഉപയോഗിക്കാനായി 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 2019-20ൽ നിർവ്വഹണം ആരംഭിച്ച പദ്ധതിയുടെ പേയ്മെൻറ് 2020-21ൽ സ്പിൽ ഓവറായി പൂർത്തിയാക്കിയിട്ടുണ്ട്. 1480രൂപ നിരക്കിൽ 262 വാട്ടർ ടാങ്കുകൾ വിതരണം ചെയ്തതിൻെറ വില ഓഷ്യൻ പോളിമേഴ്സ്, അത്താണി എന്ന സ്ഥാപനത്തിന് നൽകുന്നതിനായി 3,87,760രൂപ പിൻവലിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. എന്നാൽ ടാങ്ക് വിതരണം ചെയ്ത ഓഷ്യൻ പോളിമേഴ്സ്, അത്താണി എന്ന സ്ഥാപനത്തിൽ നിന്നും പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല.

2. ഓപ്പൺ ടെണ്ടറിൽ പങ്കെടുത്ത പി.ജി.എൻറർപ്രൈസസ്-വെള്ളയൂർ, ഡ്രീം ഹോം ഫർണിച്ചർ-ബാലുശ്ശേരി, റിയൽ ഗ്രൂപ്പ് ഓഫ് കമ്പനീസ്- ഏ.ആർ.നഗർ, ഹെഡ്കോ-പന്തീരങ്കാവ്, ഓഷ്യൻ പോളിമേഴ്സ്, അത്താണി എന്നീ സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ഫോറം വില ഇനത്തിൽ 900 രൂപ (ടെണ്ടർ തുകയുടെ 0.2% Rounded To The Nearest Multiple Of 100)യും അതിൻെറ നികുതി, സെസ് എന്നിവയും ഈടാക്കിയതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം. 08/04-08-21)

## 1-25-3 വയോജനങ്ങൾക്ക് കട്ടിൽ (പട്ടികജാതി) പ്രൊജക്ട്

പ്രൊജക്ട് -വയോജനങ്ങൾക്ക് കട്ടിൽ (പട്ടികജാതി)

പ്രൊജക്ട് നം. - S0053/21

അടങ്കൽ - 4,48,000 (2,24,000 – എസ്.സി.പി 2,24,000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ബിൽ നം.08/12-11-2020 : 1,36,500

ബിൽ നം.12/18-02-2021 : 87,500

ആകെ ചെലവ് = 2,24,000

അസി.സെക്രട്ടറി നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് 2730 രൂപ നിരക്കിൽ 85കട്ടിൽ വിതരണം ചെയ്തതിൻെറ വിലയായി 2,19,358 രൂപ ഹൈലക്ക് ഫർണിച്ചർ, കുറ്റിപ്പുറം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. എന്നാൽ കട്ടിൽ വിതരണം ചെയ്ത മേൽ സ്ഥാപനത്തിൽ നിന്നും പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല.

2. ഓപ്പൺ ടെണ്ടറിൽ പങ്കെടുത്ത കോസ്റ്റൽ ഫർണ്ണിച്ചർ ഇൻഡസ്ട്രീസ്- കടലുണ്ടി, അസിം ഡിസൈനിംഗ് ആൻറ് ഇന്റീരിയേഴ്സ്-ഒളവണ്ണ, ഹൈലക്ക് ഫർണിച്ചർ -കുറ്റിപ്പുറം, പി.ജി. എൻറർപ്രൈസസ്-വെള്ളയൂർ, ഫിറ്റ് വെൽ-കുരിയാച്ചിറ, സഫാരി ട്രേഡിംഗ് കമ്പനി-ഈസ്റ്റ് കോഡൂർ, കെ.പി. ഫർണ്ണിച്ചർ-ഓമശ്ശേരി, എന്നീ സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ഫോറം വില ഇനത്തിൽ 900 രൂപ (ടെണ്ടർ തുകയുടെ 0.2% Rounded To The Nearest Multiple Of 100)യും അതിൻെറ നികുതി, സെസ് എന്നിവയും ഈടാക്കിയതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം. 10/4-8-2021)

## 1-25-4 വയോജനങ്ങൾക്ക് കട്ടിൽ (പട്ടികജാതി) പ്രൊജക്ട്

പ്രൊജക്ട് -വയോജനങ്ങൾക്ക് കട്ടിൽ (പട്ടികജാതി)

പ്രൊജക്ട് നം. - S0289/21

അടങ്കൽ - 3,98,000

ബിൽ നം.02/13-04-2020 : 1,37,200

ബിൽ നം.05/13-04-2020 : 1,10,800

ബിൽ നം.06/07-05-2020 : 1,49,880

അസി.സെക്രട്ടറി നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് 2744 രൂപ നിരക്കിൽ 145കട്ടിൽ വിതരണം ചെയ്തതിൻെറ വില ഹൈലുക്ക് ഫർണിച്ചർ, കുറ്റിപ്പുറം എന്ന സ്ഥാപനത്തിന് നൽകുന്നതിനായി 3,97,880 രൂപ പിൻവലിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. എന്നാൽ കട്ടിൽ വിതരണം ചെയ്ത മേൽ സ്ഥാപനത്തിൽ നിന്നും പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല.

2. ഓപ്പൺ ടെണ്ടറിൽ പങ്കെടുത്ത കോസ്റ്റൽ ഫർണ്ണിച്ചർ ഇൻഡസ്ട്രീസ്- കടലുണ്ടി, അസിം ഡിസൈനിംഗ് ആൻറ് ഇന്റീരിയേഴ്സ്-ഒളവണ്ണ, ഹൈലുക്ക് ഫർണിച്ചർ-കുറ്റിപ്പുറം, സ്റ്റീൽ റാക്ക് ഫർണിച്ചർ-ആനമങ്ങാട്, കെ.പി. എൻറർപ്രൈസസ്- നടുവട്ടം എന്നീ സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ഫോറം വില ഇനത്തിൽ 800 രൂപ (ടെണ്ടർ തുകയുടെ 0.2% Rounded To The Nearest Multiple Of 100)യും അതിൻെറ നികുതി, സെസ് എന്നിവയും ഈടാക്കിയതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-26 വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ)- സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

പ്രൊജക്ട് -വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ)

പ്രൊജക്ട് നം. - S0047/21

അടങ്കൽ - 8,96,000 (4,48,000- വികസനഫണ്ട് 4,48,000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ബിൽ നം.15/28-10-2020 : 2,89,380

ബിൽ നം.17/31-12-2020 : 1,58,620

ബിൽ നം.21/09-02-2021 : 4,09,500

ബിൽ നം.22/09-02-2021 : 35,210

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പദ്ധതകൾ പ്രകാരം വയോജനങ്ങൾക്ക് 327 കട്ടിൽ വിതരണം ചെയ്തതിൻെറ വിലയായി 8,92,710രൂപ ഹൈലുക്ക് ഫർണിച്ചർ-കുറ്റിപ്പുറം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. എന്നാൽ കട്ടിൽ വിതരണം ചെയ്ത മേൽ സ്ഥാപനത്തിൽ നിന്നും പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല.

2. ഓപ്പൺ ടെണ്ടറിൽ പങ്കെടുത്ത കോസ്റ്റൽ ഫർണ്ണിച്ചർ ഇൻഡസ്ട്രീസ്- കടലുണ്ടി, കെ.പി. ഫർണ്ണിച്ചർ, ഓമശ്ശേരി, ഹൈലുക്ക് ഫർണിച്ചർ-കുറ്റിപ്പുറം, ഒളിമ്പിയ സ്റ്റീൽസ്, തിരുവാർപ്പ്, ചോയ്സ് ഫർണ്ണിച്ചർ-കടലുണ്ടി എന്നീ സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ഫോറം വില ഇനത്തിൽ 1,800 രൂപ (ടെണ്ടർ തുകയുടെ 0.2% Rounded To The Nearest Multiple Of 100)യും അതിൻെറ നികുതി, സെസ് എന്നിവയും ഈടാക്കിയതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-27 സാക്ഷരത പഠിതാക്കൾക്ക് പരിശീലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 47750/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സാക്ഷരത പഠിതാക്കൾക്ക് പരിശീലനം |
| പ്രോജക്റ്റ് നം. | 16/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ് |
| ചെലവ് തുക | 47750/- (തനതു ഫണ്ട്) |

| | |
|---|---|
| | ചെക്ക് നം. 0024895 തിയ്യതി 26.03.21 PSCB, പട്ടിക്കാട് |

കേരള സംസ്ഥാന സാക്ഷരത അതോറിറ്റി നടത്തുന്ന പത്താംതരം, ഹയർസെക്കൻണ്ടറി തുല്യത കോഴ്സിന് പരീക്ഷ ഫീസിനത്തിൽ ജില്ല സാക്ഷരത മിഷൻ മലപ്പുറത്തിന് 47750/-രൂപ നല്കിയിട്ടുണ്ട്. ആയത് വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ Enquiry No. 4/03.08.21 ന് മറുപടിയായി സാക്ഷരത മിഷന് വിനിയോഗ സാക്ഷ്യപത്രത്തിന് കത്ത് നല്കിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും ഹെഡ്മിസ്ട്രസ് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 47750/- തടസ്സപ്പെടുത്തുന്നു.

## 1-28 തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറും അപാകതകൾ

പട്ടികപ്പെടുത്തിയ പ്രൊജക്ടുകൾ പ്രകാരം തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറിങ്ങിനുമായി തുക ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് | ബിൽ / ചെക്ക് നം/ തീ | തുക | ഫണ്ട് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 6/21, തെരുവ് വിളക്ക് സ്ഥാപിക്കൽ 450000 | ചെക്ക് നം. 0026386/ 19.3.21 | 450000 | തനത് ഫണ്ട് | ARTCO<br>25w -152 എണ്ണം.<br>1.അംഗീകൃത ഇലക്ട്രിക് കോൺട്രാക്ടർ ആണെന്നതിന് രേഖയില്ല.<br>2.KSEB യുടെ ക്ലിയറൻസ് രേഖയില്ല. |
| 2 | 7/20,തെരുവ് വിളക്ക് റിപ്പയർ 215972 | ചെക്ക് നം. 0024897/ 26.3.21 | 276336 | തനത് ഫണ്ട് | ക്വാളിറ്റി സർവീസ് സിസ്റ്റംസ്, കൂറ്റനാട്. ((AMC- 1year) ചെക്ക് നം. 0024897/26.3.21 276336 (40% Of 690840)<br>1.അംഗീകൃത ഇലക്ട്രിക് കോൺട്രാക്ടർ അല്ല. (ഉഷ ഇലക്ട്രോണിക് സിസ്റ്റം കൂറ്റനാടിന്റെ അംഗീകൃത ഇലക്ട്രിക് കോൺട്രാക്ടറായ ശ്രീ. പ്രദീപ് . പി.വി എന്നയാളുടെ ലൈസൻസ് പകർപ്പാണ് ചേർത്തുവെച്ചിട്ടുള്ളത്.)<br>2.KSEB യുടെ ക്ലിയറൻസ് രേഖയില്ല. |
| 3 | 128/21, ചെരങ്ങരക്കുന്നിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ 200000 | 367150/ 23.7.20 | 200000 | വികസന ഫണ്ട്- ജനറൽ | KSEB പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല |
| 4 | 299/21, തെരുവു വിളക്കുകൾ സ്ഥാപിക്കൽ 112247 | 144400/ 11.4.20 | 109000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ARTCO<br>1.അംഗീകൃത ഇലക്ട്രിക് കോൺട്രാക്ടർ |

| | | | | | |
|---|---|---|---|---|---|
| | | | | | ആണെന്നതിന് രേഖയില്ല.<br>2.KSEB യുടെ ക്ലിയറൻസ് രേഖയില്ല. |
| 5 | 378/21, തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ 70000 | 49200/6.2.21 | 35000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | SILK<br>21 LED സ്ഥാപിക്കൽ (32200 നൽകാൻ ശേഷിക്കുന്നു.)<br>1.അംഗീകൃത ഇലക്ട്രിക് കോൺട്രാക്ടർ ആണെന്നതിന് രേഖയില്ല.<br>2.KSEB യുടെ ക്ലിയറൻസ് രേഖയില്ല. |
| ആകെ | | | 1070336 | | |

പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച് റിമാർക്സ് കോളത്തിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.30/09.8.21)യെ തുടർന്ന് അപാകതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-29 ടെണ്ടർ കൂടാതെ SIDCO ARTCO എന്നിവ മുഖേന മിനിമാസ്റ്റ് സ്ഥാപിച്ചു

നിർവ്വഹണം – സെക്രട്ടറി

പട്ടികപ്പെടുത്തിയ പ്രൊജക്ടുകൾ പ്രകാരം SIDCO, ARTCO എന്നിവ മുഖേന മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് & അടങ്കൽ | ബിൽ /ചെക്ക് നം/തീ | തുക | ഫണ്ട് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 146/21വള്ളിക്കാംതൊടി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | 117350/ 29.4.20 | 229871 | എസ്.സി.പി | SIDCO |
| 2 | 126/21 ചെരങ്ങരക്കുന്ന് മിനിമാസ്റ്റ് | ചെ.നം.-0026386/ 19.3.21 | 150000 | തനത് ഫണ്ട് | ARTCO |
| 3 | 147/21 ചെരങ്ങരക്കുന്നിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | 729706/ 12.11.20 | 235258 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | SIDCO |
| 4 | 148/21, മാതൊടി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ 2019-20:100000<br>2020-21:140000<br>(ബഹു വർഷം) | 117352/ 29.4.20 | 139988 | എസ്.സി.പി | SIDCO |
| 5 | 303/21 ഒറവിങ്ങൽ കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ, 162500 | 34008/ 11.4.20 | 162400 | എസ്.സി.പി | SIDCO |
| ആകെ | | | 917517 | | |

ടെണ്ടർ നടപടികൾ സ്വീകരിക്കാതെ SIDCO,ARTCO മുഖേന മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതിപത്രമുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.29/09.8.21)ക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല. അനുമതിപത്രം ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-30 വാടക -അപാകതകൾ

1.വാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ മുറികളുടെ വാടകയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. മുൻ വർഷങ്ങളിലെ അതേ തുകയാണ് തൊട്ടടുത്ത വർഷങ്ങളിലും വാടക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2.വാടക – ബൈലോ നിലവിലില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ മുറികളുടെ വാടകയുമായി ബന്ധപ്പെട്ട ബൈലോ നിലവിലില്ല. ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കെട്ടിടത്തിലെ മുറികളുടെ വാടക 2020-21 വർഷത്തിൽ ഈടാക്കിയിട്ടില്ല. വാടക ഈടാക്കാതിരുന്നതിനുള്ള കാരണം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/3.8.21 ) നൽകിയ മറുപടിയിൽ, കോവിഡ് ലോക്ക്ഡൗൺ സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 1217/2020 ഉത്തരവ് പ്രകാരം വാടകയിൽ ഇളവ് അനുവദിച്ചതാണെന്ന് അറിയിച്ചു.

## 1-31 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | കേരള ഗ്രാമീൺബാങ്ക്, വെട്ടത്തൂർ | 2020-21രണ്ടാം |
| 2. | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വെട്ടത്തൂർ | 2020-21രണ്ടാം |
| 3. | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പട്ടിക്കാട് | 2020-21രണ്ടാം |
| 4. | നാലക്കത്ത് ഗ്രാനൈറ്റ് | 2020-21രണ്ടാം |
| 5. | സപ്ലൈക്കോ മാവേലി സ്റ്റോർ, വെട്ടത്തൂർ | 2020-21രണ്ടാം |
| 6. | സിറ്റി ലൈഫ് ഡയഗ്നോസ്റ്റിക് സെന്റർ | 2020-21രണ്ടാം |
| 7. | സോളെയ്സ് ഡെന്റൽ കെയർ | 2020-21ഒന്ന്, രണ്ട് |
| 8. | ലുബിനാ ബോബി- പെട്രോൾ പമ്പ് | 2020-21ഒന്ന്, രണ്ട് |

പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/9.08.2021 ) മറുപടി നൽകിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 ചേലപ്പറമ്പത്ത് അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണം (151/21) – 65022രൂപ

കൺവീനർക്ക് അധികം നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചേലപ്പറമ്പത്ത് അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണം (151/21) പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്. കൂടാതെ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12% തുക GSTക്കായി വകയിരുത്തുകയും മൂല്യ നിർണ്ണയ തുകയോടൊപ്പം കൺവീനർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 1/20-21/2.8.2021 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - ചീഫ് എഞ്ചിനീയറുടെ 16.3.2018 ൽ പറഞ്ഞിരിക്കുന്ന അപ്ഡേഷൻസ് പ്രൈസ് സോഫ്റ്റ്‌വെയറിൽ വന്നതിന് ശേഷം 29.11.2019 ലെ 71300/2019-20 നമ്പറായാണ് ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതെന്നും, നിലവിൽ എല്ലാ കൺവീനർമാർക്കും 7.5% ഓവർ ഹെഡ് ചാർജ് അനുവദനീയമാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

27.2.2016ലെ GO(P) 30/2016 നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് അനുവദിച്ച് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയാണ് കൺവീനർമാർ അടവാക്കേണ്ടത്.

1.7.2017 ന് ശേഷം GST നിലവിൽ വന്നതിനാൽ ഇപ്പോൾ വാറ്റ് അടവാക്കേണ്ടതില്ലെന്നും വാറ്റ് അടവാക്കാനായി വകയിരുത്തിയ 5% തുക കുറവ് ചെയ്ത് കൺവീനർമാർക്ക് തുക നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയർ 16.3.2018ലെ കത്തിൽ വ്യക്തമാക്കിയതാണ്. കൺവീനർമാർക്ക് 7.5% ഓവർഹെഡ് ചാർജ് അനുവദനീയമാണെന്ന് വ്യക്തമാക്കുന്ന രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുമില്ല. ഈ പ്രവൃത്തിയുടെ കൺവീനർ GST രജിസ്ട്രേഷൻ എടുത്തിട്ടുള്ളതിനാൽ 12% തുക മൂല്യ നിർണ്ണയ തുകയോടൊപ്പം കൺവീനർക്ക് നൽകിയിട്ടുള്ളതുമാണ്.

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. അധിക തുക ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ബിൽ /ചെക്ക് | തുക | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ട തുക 5% |
|---|---|---|---|---|
| ചേലപ്പറമ്പത്ത് അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണം (151/21)<br>കരാർ 59/11.12.2019<br>അളവ് പുസ്തകം 40/19-20, 68/19-20, 120/19-20,<br>141/19-20,147/19-20<br>ആകെ മൂല്യ നിർണ്ണയം 1300446<br>GST (12%) 156054<br>വൈദ്യുതീകരണം 43391 | ബിൽ 25/15.4.20 | 153750 | 1300446 | 65022 |
| | ബിൽ 50/6.7.20 | 90561 | | |
| | ബിൽ 152/26.2.21 | 36989 | | |
| | ബിൽ 153/26.2.21 | 11629 | | |
| | ബിൽ 174/31.3.21 | 30384 | | |
| | ചെക്ക്5187456/31.3.20 | 60486 | | |
| | ചെക്ക്163461/20.8.20 | 474052 | | |
| | ചെക്ക്1786992/27.2.21 | 374929 | | |
| | ചെക്ക് 2728012/4.3.21 | 200000 | | |
| | | | | |

| | | | | |
|---|---|---|---|---|
| ആകെ 1500000<br>കൺവീനർ ഹൈമവതി.പി<br>കോസ്റ്റ് ഇൻഡക്സ് 31.06% | ചെക്ക്5187458/11.11.20 | 23829 | | |
| | ചെക്ക്5187458/11.11.20 | 43391 | | |
| | ആകെ | 1500000 | | |

## 3-2 കുടിവെള്ള പദ്ധതി -HDPE പൈപ്പിന് പ്രത്യേക നിരക്ക് നൽകിയതിലെ അപാകത - 31334 രൂപ നഷ്ടം

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുന്നത്ത് കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ ഇനം 7 ആയി 5HPസബ്മെഴ്സിബിൾ പമ്പ്സെറ്റ് വാങ്ങി ഫിറ്റ് ചെയ്യതിന് 18959.16/Hp നിരക്കിൽ ആകെ 94795.80 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. കൂടാതെ എക്സ്ട്ര ഇനം 2 ആയി കുഴൽ കിണറിലേക്ക് ഇറക്കുന്നതിന് 84 മീറ്റർ 50mm Dia HDPE പൈപ്പ് ഉപയോഗിച്ചതിന് തുക നൽകിയിട്ടുമുണ്ട്. എന്നാൽ പമ്പ്സെറ്റിനുള്ള നിരക്കിൽ അനുബന്ധമായി വേണ്ട കേബിൾ, സ്റ്റാർട്ടർ, പൈപ്പ് എന്നിവയെല്ലാം ഉൾപ്പെടുന്നുണ്ട്. 20.12.2011 ലെ KWA/ HO/SP/333/2011 Pumpset നമ്പർ ഉത്തരവ് കേരള വാട്ടർ അതോറിറ്റി തീരുമാനിച്ച നിരക്കുകൾ ആണ് ഗ്രാമ പഞ്ചായത്തുകൾ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കുന്നത്. പ്രസ്തുത തീരുമാനത്തിൽ പൈപ്പിന് പ്രത്യേക നിരക്ക് അനുവദിച്ചിട്ടില്ല. വാട്ടർ അതോറിറ്റി പ്രസ്തുത നിരക്കുകൾ പുതുക്കിയതിന്റെ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. ആയതിനാൽ കുഴൽ കിണറിലേക്ക് പൈപ്പിന് പ്രത്യേക നിരക്ക് നൽകിയത് അനുവദനീയമല്ല.

HDPE പൈപ്പിനുള്ള നിരക്ക് കണക്കാക്കിയതിലും അപാകത കാണുന്നു. ഡാറ്റയിൽ ഫിറ്റിങ്ങിനും, ജോയിനിങ്ങിനും ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത്. കുടിവെള്ള പദ്ധതിയുടെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 50mm Dia PVC പൈപ്പ് സ്ഥാപിക്കുന്നതിന് നൽകുന്ന ഡാറ്റയിൽ ഫിറ്റർ, ബെൽഡാർ എന്നിവക്കായി നൽകുന്നതിലും (199.34/10m – OH, CP കോസ്റ്റ് ഇൻഡക്സ് കൂടാതെ) ഉയർന്ന നിരക്കാണ് HDPE പൈപ്പിന് ഈ പ്രവൃത്തിയിൽ നൽകിയിട്ടുള്ളത് (983.72/10m OH,CP കോസ്റ്റ് ഇൻഡക്സ് കൂടാതെ). എന്നാൽ HDPE പൈപ്പ് ആവശ്യമായ നീളത്തിൽ മുറിക്കാതെ ലഭ്യമാവുമെന്നതിനാൽ ഇപ്രകാരം ഉയർന്ന നിരക്ക് നൽകേണ്ടതില്ല.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് കാണിച്ച് 2 /20-21/3.8.2021 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് - കുഴൽ കിണറുകളുടെ ആഴം വ്യത്യാസപ്പെടുന്നതിനനുസരിച്ച് പൈപ്പിന്റെ നീളവും വ്യത്യാസപ്പെടും എന്നതിനാൽ പൈപ്പിന് പ്രത്യേകം നിരക്ക് നൽകാറുണ്ട് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.

കുഴൽ കിണറിന്റെ ആഴം വ്യത്യാസപ്പെടുന്നതിനനുസരിച്ച് പൈപ്പ് മാത്രമല്ല മോട്ടോറിന് ആവശ്യമായ കേബിൾ, റോപ് എന്നിവയുടെ നീളവും വ്യത്യാസം വരും. എന്നാൽ അവക്ക് പ്രത്യേകം നിരക്ക് നൽകാറില്ല. അവക്കുള്ള നിരക്കും പമ്പ്സെറ്റിനുള്ള നിരക്കിൽ ഉൾപ്പെട്ടതാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സികൃൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പൈപ്പിന്റെ നീളം | നൽകിയ തുക |
|---|---|---|
| കുന്നത്ത് കോളനി കുടിവെള്ള പദ്ധതി (272/21)<br>ബിൽ 3/20.4.2020തുക 346340<br>കരാർ 8/19.9.2018<br>അളവ് പുസ്തകം 48/19-20<br>കോൺട്രാക്ടർ ശ്രീ .അബ്ദുൽ റഹിമാൻ ഷാഫി | 84m | 20235.60<br>@240.90m |

II. നടക്കളത്തിൽ കോളനി കുടിവെള്ള പദ്ധതി (171/21) എന്ന പ്രവൃത്തിയുടെ ഇനം 1 ആയി 5HPസബ്മെഴ്സിബിൾ പമ്പ്സെറ്റ് വാങ്ങി ഫിറ്റ് ചെയ്യതിന് 18135/Hpനിരക്കിൽ ആകെ 90675 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. കൂടാതെ എക്സ്ട്ര ഇനം 5 ആയി കുഴൽ കിണറിലേക്ക് ഇറക്കുന്നതിന് 85 മീറ്റർ 50mm Dia HDPE പൈപ്പ് ഉപയോഗിച്ചതിന് തുക നൽകിയിട്ടുമുണ്ട്. എന്നാൽ പമ്പ് സെറ്റിനുള്ള നിരക്കിൽ അനുബന്ധമായി വേണ്ട കേബിൾ, സ്റ്റാർട്ടർ, പൈപ്പ്

എന്നിവയെല്ലാം ഉൾപെടുന്നുണ്ട്. ആയതിനാൽ കുഴൽ കിണറിലേക്ക് പൈപ്പിന് പ്രത്യേക നിരക്ക് നൽകിയത് അനുവദനീയമല്ല.

HDPE പൈപ്പിനുള്ള നിരക്ക് കണക്കാക്കിയതിലും അപാകത കാണുന്നു. HDPE പൈപ്പിനുള്ള നിരക്ക് കണക്കാക്കിയ ഡാറ്റയിൽ ഫിറ്റിങ്ങിനും, ജോയിനിങ്ങിനും ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത്. കുടിവെള്ള പദ്ധതിയുടെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 50mm Dia PVC പൈപ്പ് സ്ഥാപിക്കുന്നതിന് നൽകുന്ന ഡാറ്റയിൽ ഫിറ്റർ, ബെൽഡാർ എന്നിവർക്കായി നൽകുന്നതിലും (199.34/10m – OH,CP കോസ്റ്റ് ഇൻഡക്സ് കൂടാതെ) ഉയർന്ന നിരക്കാണ് ഈ പ്രവൃത്തിയിൽ HDPE പൈപ്പിന് നൽകിയിട്ടുള്ളത് (373.01/10m -OH,CP കോസ്റ്റ് ഇൻഡക്സ് കൂടാതെ). എന്നാൽ HDPE പൈപ്പ് ആവശ്യമായ നീളത്തിൽ മുറിക്കാതെ ലഭ്യമാവുമെന്നതിനാൽ ഇപ്രകാരം ഉയർന്ന നിരക്ക് നൽകേണ്ടതില്ല.

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ് കാണിച്ച് ഓഡിറ്റ് എൻക്വയറി 25 /20-21/9.8.2021 നൽകിയതിന് – കേരള വാട്ടർ അതോറിറ്റിയുടെ 20.12.2011 ലെ KWA/ HO/SP/333/2011 Pumpset നമ്പർ ഉത്തരവ് പ്രകാരമാണ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും, ഈ നിരക്കിൽ 10മീറ്റർ സക്ഷൻ പൈപ്പ് മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ എന്ന് ചേർക്കാൻ വിട്ട് പോയി എന്നും കുഴൽ കിണറിലേക്ക് 10 മീറ്ററിലും അധികമായി വന്ന പൈപ്പിനാണ് പ്രത്യകം തുക നൽകിയത് എന്നും മറുപടി ലഭ്യമാക്കി.
കൂടാതെ കുടിവെള്ള പദ്ധതിയുടെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 50mm Dia PVC പൈപ്പ് സ്ഥാപിക്കുന്നതിന് (ഒബ്സർവ്ഡ് ഡാറ്റ 50.18.9.6.2) ട്രഞ്ചിങ്, റീഫില്ലിങ് നുള്ള നിരക്ക് കൂടാതെ തന്നെ കൂലിയിനത്തിൽ 563.68/10m നിരക്ക് നൽകുന്നുണ്ടെന്നും, ഈ പ്രവൃത്തിയിൽ HDPE പൈപ്പിന് കൂലിയായി കാണിച്ചത് 364.71/10m നിരക്കാണ് എന്നും മറുപടി നൽകി.
എന്നാൽ വാട്ടർ അതോറിറ്റിയുടെ ഉത്തരവിൽ സക്ഷൻ പൈപ്പിന് പ്രത്യേക നിരക്ക് നൽകുന്നത് സംബന്ധിച്ച പരാമർശമില്ല. കുടിവെള്ള പദ്ധതിയുടെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 50mm Dia PVC പൈപ്പ് സ്ഥാപിക്കുന്നതിന് (ഒബ്സ്രവ്ഡ് ഡാറ്റ 50.18.9.6.2) ട്രഞ്ചിങ്, റീഫില്ലിങ് നുള്ള നിരക്ക് കൂടാതെ കൂലിയിനിത്തിൽ 199.34/10m ( OH, CP കോസ്റ്റ് ഇൻഡക്സ് കൂടാതെ) മാത്രമേ നൽകുന്നുള്ളൂ എന്ന് ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.
അധികം നൽകിയ തുക ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക |
|---|---|---|
| നടക്കളത്തിൽ കോളനി കുടിവെള്ള പദ്ധതി (171/21)<br>കരാർ 33/1.10.2019<br>കരാറുകാരൻ ശ്രീ.കെ.പി മുഹമ്മദ്<br>അളവ് പുസ്തകം 65/19-20<br>ബിൽ. 108/22.1.21 തുക 328400<br>ചെക്ക് 26391/30.3.2021 തുക 15396<br>കോസ്റ്റ് ഇൻഡക്സ് 31.06% | 85m | 11098<br>@130.57/M |

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2020-21 | 27.07.2021 മുതൽ 09.08.2021 വരെ വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | കെ.എസ്.എ.എം.പി.എം.11 /1239/2021 തിയ്യതി:- 16-09-2021 |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, പ്രോജക്ട് നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 85000 | സമഗ്ര നെൽകൃഷി വികസനം(പ്രോജക്ട് നം. 9) | 85000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം. 46) | 201300 | 298700 |
| ബ്ലോക്ക് പഞ്ചായത്ത് | 448000 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-ജനറൽ (പ്രോജക്ട് നം.47) | 444710 | 3290 |
| ബ്ലോക്ക് പഞ്ചായത്ത് | 85000 | തെങ്ങു കൃഷി വികസനം (പ്രോജക്ട് നം.274) | 85000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- പട്ടികജാതി (പ്രോജക്ട് നം.289) | 149880 | 120 |
| ആകെ | 1288000 | | 965890 | 322110 |
| ജില്ലാ പഞ്ചായത്ത് | 1000000 | ലൈഫ് മിഷൻ ഭവന പദ്ധതി (പട്ടികജാതി) പ്രോജക്ട് നം. 41 | 1000000 | 00 |
| ജില്ലാ പഞ്ചായത്ത് | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം. 46) | 320000 | 180000 |
| | 1500000 | | 1320000 | 180000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ /ചെക്ക് നം/തീ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| GWD | 127/21 ഐനിക്കാട്ടിൽ കുഴൽ കിണറുകൾ | 1223861/ 10.3.21 | 47960 | കംപ്ലീഷൻ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | | |
| | | 2598120/ 18.6.20 | 2035 | | | |
| | | ആകെ | 49995 | | | |
| | 137/21മണ്ണാർമല പൂച്ചക്കുന്ന് കുഴൽ കിണർ | 2598120/ 18.6.20 | 2035 | | | |
| | 297/21, കുഴൽ കിണറുകൾക്ക് ഹാന്റ് പമ്പ് | 34007/ 11.4.20 | 54046 | | | |
| | 385/21, ചേലപ്പറമ്പത്ത് അംഗണവാടി കുഴൽ കിണർ നിർമ്മാണം | XY2728013/19.3.21 | 48076 | | | |
| | 399/21, പൊതു കുഴൽ കിണറുകളുടെ നിർമ്മാണം | 583824/ 05.10.20 | 30525 | | | |
| | | 1192039/ 05.3.21 | 529693 | | | |
| | | 1223853/ 10.3.21 | 218557 | | | |
| | | ആകെ | 778775 | | | |

| | | | | |
|---|---|---|---|---|
| KSEB | 128/21, ചെരങ്ങരക്കുന്നിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 367150/ 23.7.20 | 200000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | ലഭ്യമല്ല | 00 | 1618315 | 366078 | 00 | 1252237 |

വായ്പ തിരിച്ചടവിന്റെ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഷിക ധനകാര്യ പത്രികയുമായി വരവ് തുകയും നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ സ്ഥിതി വിവരം |
|---|---|---|---|---|
| 1998-99 | 2(18) | 2006-07 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. വനിതാ തൊഴിൽ പരിശീലന കേന്ദ്രം | ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | 2(17) | “ | കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് | |
| | 2(21) | “ | മരാമത്ത് പ്രവൃത്തി അധിക തുക നൽകി | |
| 2005-06 | 3(20) | 2008-09 | കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | -ടി- |
| | 2(7) | “ | ലേല നടപടി പൂർത്തീകരിച്ചില്ല | |
| | 3(1) | “ | ആരോഗ്യ ഇൻഷുറൻസ് പദ്ധതി തുക തിരികെ ലഭിച്ചില്ല | |
| | 3(19) | “ | മുൻകൂർ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല | |
| 2006-07 | 3(14) | 2010-11 | ലഘു അവലോകനം | -ടി- |
| 2010-11 | 3(8) | 2011-12 | -ടി- | -ടി- |
| 2012-13 | 3(15) | 2013-14 | -ടി- | -ടി- |
| 2014-15 | 2(2) | 2016-17 | -ടി- | -ടി- |
| 2015-16 | 2(1) | 2016-17 | -ടി- | -ടി- |

## 4-9 ചാർജ്ജ്/സർചാർജ്ജ് വിവരം

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | വെട്ടത്തൂർ ഗ്രാ.പ | 97-98 | 36 (1),(2) 38,40, 42,43, 44 | കെ.പി.രാമകൃഷ്ണൻ | LF-6538/ Special Cell /SCD-3/2000/ 14.1.2003 | 16181 | രശീതി നം-15963/74/ 20.12.2006 പ്രകാരം അടവാക്കി | 0 | |
| 2 | | 2006-07 | 3(24)3 പാർട്ട് | എ.വി.ചന്ദ്രൻ, അസി.എൻജിനിയർ | LF-16498/ Special Cell /SCD-1/10/19.5.2012 | 166348 | രശീതി നം11204100678/ 12.7.2012 പ്രകാരം 166348 /- രൂപ അടവാക്കി | 0 | |
| 3 | | 2006-07 | 3(24)3 പാർട്ട് | എ. സത്യനാരായണൻ | LF-16498/ Special Cell /SCD-1/10/19.5.2012 | 166348 | 0 | 1663458 | O.P130/12 ജില്ലാ കോടതി മഞ്ചേരി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85627418.68 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65233221.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 96356 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3460472 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 65022 | Rs. 32511 അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs.32511അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 31334 | I. Rs.10118 അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs10118 ശ്രീ. കെ. ഉമ്മർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>II. Rs 5549 അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 5549 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 96356 | |

ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 932927 | ശ്രീമതി. പ്രേമ.വി.ജി, സെക്രട്ടറി – 58116<br>ശ്രീ. നാരായണൻ.എ.എം, സെക്രട്ടറി – 30525<br>ശ്രീമതി. സബീന.എം. സെക്രട്ടറി – 796210<br>ശ്രീമതി. അജിതകുമാരി. കെ.എസ് (അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്) – 48076 |
| 1-21 | 148950 | പി.പി.ജിതിൻ, വി.ഇ.ഒ |
| | | |

| | | |
|---|---|---|
| 1-22-1 | 1,09,956 | ശ്രീ.അജയ് എ, അസിസ്റ്റൻറ് സെക്രട്ടറി |
| 1-22-2 | 1,68,990 | ശ്രീമതി അജിത കുമാരി കെ.എസ്, അസിസ്റ്റൻറ് സെക്രട്ടറി |
| 1-23 | 64,046 | ഡോ. ഫിസാ ഷമീം, വെറ്റിനറി സർജൻ |
| 1-27 | 47750 | സാലിക്കുട്ടി, ഹെഡ്മിസ്ട്രസ് |
| 1-28 | 1070336 | ശ്രീമതി അജിത കുമാരി കെ.എസ്, സെക്രട്ടറി - 926336<br>ശ്രീമതി. പ്രേമ.വി.ജി, സെക്രട്ടറി - 109000<br>ശ്രീ. നാരായണൻ.എ.എം, സെക്രട്ടറി - 35000 |
| 1-29 | 917517 | ശ്രീമതി. പ്രേമ.വി.ജി, സെക്രട്ടറി - 532259<br>ശ്രീമതി അജിത കുമാരി കെ.എസ്, (AS In Charge)<br>- 150000<br>ശ്രീ. നാരായണൻ.എ.എം, സെക്രട്ടറി -235258 |
| ആകെ | 34,60,472 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻറെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജിതിൻ.പി.പി,<br>വി.ഇ.ഒ | ജിതിൻ.പി.പി,<br>വി.ഇ.ഒ. വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് | കിഴക്കയിൽ വീട്,<br>രവിമംഗലം,<br>ചാത്തങ്ങോട്ടുപുറം,<br>വണ്ടൂർ. |
| സാലിക്കുട്ടി<br>ഹെഡ്മിസ്ട്രസ്. | ഹെഡ്മിസ്ട്രസ്,<br>ജി.എൽ.പി.സ്കൂൾ, കാര, മലപ്പുറം ജില്ല | കുന്നനാലുക്കൽ വീട്,<br>കർക്കിടാംകുന്ന് പി.ഒ,<br>അലനെല്ലൂർ<br>പാലക്കാട്-676801 |
| ഡോക്ടർ. ഷബ്ന പർവീൺ, മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | ഡോക്ടർ. ഷബ്ന പർവീൺ,<br>മെഡിക്കൽ ഓഫീസർ,വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് | ഡോക്ടർ. ഷബ്ന പർവീൺ,<br>അക്കമണ്ണിൽ വീട്<br>തൃക്കലങ്ങോട് പി.ഒ,<br>ചെരണി, മഞ്ചേരി-676123 |
| ശ്രീ.അജയ് എ,<br>അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ.അജയ് എ, അസിസ്റ്റൻറ് സെക്രട്ടറി, ചിറ്റാർ ഗ്രാമ പഞ്ചായത്ത്, പത്തനതിട്ട ജില്ല | ശ്രീ.അജയ് എ,<br>അക്ഷയം, എഴുകോൺ<br>കൊല്ലം |
| ശ്രീമതി അജിത കുമാരി കെ.എസ്,<br>അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി അജിത കുമാരി കെ.എസ്,<br>അസിസ്റ്റൻറ് സെക്രട്ടറി,<br>വെള്ളത്തൂവൽ ഗ്രാമ പഞ്ചാത്ത്,<br>ഇടുക്കി | ശ്രീമതി അജിത കുമാരി കെ.എസ്,<br>മുല്ലക്കൽ വീട്, മടവൂർ,<br>മൂവാറ്റുപുഴ |
| ഡോ. ഫിസാ ഷമീം,<br>വെറ്റിനറി സർജൻ | ഡോ. ഫിസാ ഷമീം, വെറ്റിനറി സർജൻ, വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് | Nasheman House,<br>ചെമ്മാണിയോട് പി.ഒ,<br>മേലാറ്റൂർ, മലപ്പുറം ജില്ല |

| | | |
|---|---|---|
| ശ്രീമതി. പ്രേമ.വി.ജി സെക്രട്ടറി | സെക്രട്ടറി, മങ്കട ഗ്രാമ പഞ്ചാത്ത് | ശ്രീലക്ഷ്മി മഠം നിയർ അങ്കണവാടി പാതായ്ക്കര, പെരിന്തൽമണ്ണ |
| ശ്രീ. നാരായണൻ.എ.എം സെക്രട്ടറി | സെക്രട്ടറി, വിളയൂർ ഗ്രാമ പഞ്ചായത്ത് | അഴകപ്പുറം മന, തിരുവേഗപ്പുറ, പാലക്കാട് ജില്ല |
| ശ്രീമതി.സബീന.എൻ, സെക്രട്ടറി | സെക്രട്ടറി, വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് | എം.എം. നിവാസ് കൈപ്പള്ളി റോഡ് ചിറ്റാട്ടുമുക്ക്, തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ.എഫ്.എം.11/201/14, തീ:7-4-14 | 36 |
| 1998-99(വരവ്) | എൽഎഫ് എം 11/2845(15)/12 തി. 12-0-13 | 4 |
| 1998-99 (ചെലവ്) | എൽ എഫ് എം 11/2845 /12 (14),തി. 13-8-13 | 21 |
| 1999-2000 | എൽ.എഫ്.എം.11/2845/12 (16), തി.13-3-13 | 25 |
| 2000-01 | എൽ.എഫ്.എം.11/2845(1)/12 (16), തി.13-3-13 | 16 |
| 2001-02 | എൽ.എഫ്.എം.16/1167/09 /10 തി.10-10-10 | 18 |
| 2002-03 | എൽ.എഫ്.എം.16/2299/09 തി.10-10-10 | 16 |
| 22003-04 | എൽ.എഫ്.എം.11/2845/12 (18), തി.13-3-13 | 23 |
| 2004-05 | എൽ.എഫ്.എം.16/1989/09, തി.27-7-10 | 43 |
| 2005-06 | എൽ.എഫ്.എം. 16/ 107/10,തി.10-10-10 | 33 |
| 2006-07 | എൽ.എഫ്.എം..16/1457/10 , തി.28-11-09 | 25 |
| 2008-09 | എൽ.എഫ്.എം. 11/1199/11/, തി.12-5-11 | 11 |
| 2009-10 | എൽ.എഫ്.എം. 11/ 689A/12തി. 2-6-12 | 8 |
| 2010-11 | എൽ.എഫ്.എം.11/689B/12, തീ:2-6-12 | 14 |
| 2011-12 | എൽ.എഫ്.എം.11/2844/12 തി.4-1-13 | 7 |
| 2012-13 | എൽ എഫ് എം11/379/14 തി.4-4-14 | 2 |
| 2013-14,2014-15 | കെ എസ് എ എം പി എം 11/760/2016 തി.25-4-16 | 20 |
| 2015-16 | കെ എസ് എ എം പി എം11/2683/2016 തീ. 3.10.2016 | 20 |
| 2016-17 | കെ എസ് എ എംപിഎം11/1292/2017 തീ. 6.7.2017 | 15 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.11/1042/2019/24.8 | 16 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.11/2834/2019/ 7-01-20 | 32 |

ഡെപ്യൂട്ടിഡയറക്ടർ
മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്